പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 742 | 11.06.2014- ലെ മറുപടിക്ക്

താത്കാലിക ഡ്രൈവർമാരായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യവകുപ്പിൽ 15 വർഷത്തിലേറെ താൽകാലിക ജീവനക്കാരായി ജോലി നോക്കിവരുന്ന ഡ്രൈവർ തസ്തികയിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) | ഇക്കാര്യം ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിഗണനയിലില്ല. |
| ബി) | ധനവകുപ്പിൽ താൽക്കാലിക തസ്തികയിൽ ഡ്രൈവർമാരായി 10 വർഷത്തിലേറെ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ധന വകുപ്പ് (സ.ഉ. (കൈ)നം. 572/2013/ധന തീയതി 21/11/2013) പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 15 വർഷത്തിലേറെ ഡ്രൈവർമാരായി താൽക്കാലികമായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | സി) | ബാധകമല്ല. |
| ഡി) | വളരെ പരിമിതമായ ജീവിത സാഹചര്യത്തിൽ നിന്നു കൊണ്ട് മറ്റ് തൊഴിലുകൾക്കൊന്നും പോകാതെ 15 വർഷത്തിലേറെ ജോലി ചെയ്തുവന്നിരുന്ന ടി ഡ്രൈവർമാരുടെ കാര്യം ഒരു മനുഷ്യാവകാശ പ്രശ്നമായിക്കണ്ട് ഇക്കൂട്ടരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ഡി) | ഇക്കാര്യം ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ